ഭരണഭാഷ മലയാളഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ(LID&EW) വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം – 33

Phone : 0471-2324951
0471-2325071
Tele Fax : 0471-2324951
email : celsgd@gmail.com
website : www.celsgd.Kerala.gov.in

നം . ജനറൽ / ഇ4 / 2018 / സിഇ / തസ്വഭവ

തീയതി. 30.10.2021

# സർക്കുലർ

**വിഷയം** – തസ്വഭവ ( LID&EW) – പെൻഡിംഗ് ഫയലുകളിൽ തീർപ്പു കൽപ്പിക്കുന്നതു സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ്( LID&EW) ന കീഴിൽ പൊതുമരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ലഭിച്ച പരാതികൾ, ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടികൾ എന്നിവ സംബന്ധിച്ച് അതത് ജില്ല / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ / സർക്കിൾ ( നോർത്ത് , സൌത്ത് ) കാര്യാലയങ്ങളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭിക്കാത്തതു കാരണം നിരവധി ഫയലുകളിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുള്ളത് പല പ്രാവശ്യം നിയന്ത്രണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ്. ഫയൽ അദാലത്തുകൾ നടത്തിയിട്ടും ഇനിയും പല ഫയലുകളിലും റിപ്പോർട്ടുകൾ ലഭിക്കാനുണ്ടെന്നുള്ളത് വസ്തുതയാണ്.

തദ്ദേശ സ്വയംഭരണ വകുപ്പ് പൊതു സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പെൻഡിംഗ് ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ള വിവരം നേരത്തേ തന്നെ സർക്കുലറായി അറിയിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യം വിലയിരുത്തി 2019 വരെ നടപടി സ്വീകരിച്ചിരുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിലേക്ക് ഫയൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നവംബർ അവസാന വാരം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത അദാലത്തിനോടനുബന്ധിച്ച് അതാതു ജില്ലകളിൽ പെൻഡിംഗ് ഉള്ള ഫയലുകളെ സംബന്ധിച്ച വിശദമായ അറിയിപ്പ നൽകുന്നതായിരിക്കും. വ്യക്തവും വിശദവുമായ റിപ്പോർട്ടുകൾ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. നിയന്ത്രണാധികാരികൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം കർശന നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

അദാലത്തു തീയതികൾ വൈകാതെ തന്നെ അറിയിക്കുന്നതാണ്.

ചീഫ് എഞ്ചിനീയർ

dh